## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 74 | 28.10.2019-ൽ മറുപടിക്ക്

### രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ. രാജൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊക്കൂൺ 2019 എന്ന പേരിൽ രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം സംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) കൊക്കൂൺ XII എന്ന പേരിൽ രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം 2019 സെപ്റ്റംബർ മാസം 27, 28 തീയതികളിൽ കൊച്ചിയിൽ വച്ച് സംഘടിപ്പിച്ചിരുന്നു. |
| (ബി) പ്രസ്തുത സമ്മേളനത്തിൽ ഏതൊക്കെ തരത്തിലുള്ള ചർച്ചകളാണ് നടന്നതെന്ന് അറിയിക്കുമോ; | (ബി) പ്രസ്തുത സമ്മേളനത്തിൽ ഓൺലൈൻ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ ക്രൈമുകളുടെ അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ, കുട്ടികൾക്കുവേണ്ടിയുള്ള സൈബർ സുരക്ഷാ പ്രോഗ്രാമായ കിഡ്ഗ്ലൗവ്, ഏഷ്യാ പസഫിക് റീജിയനിൽ പുതുതായി കണ്ടു വരുന്ന സൈബർ സെക്ഷ്വൽ ത്രെട്ട്, ഫിനാൻഷ്യൽ ഇൻഡസ്ട്രിയിലെ സൈബർ ത്രെട്ടുകളുടെ അവലോകനം, ദുരന്ത നിവാരണം സംബന്ധിച്ച സൈബർ റെസ്പോൺസ് ആർക്കിടെക്ചറിനെക്കുറിച്ചുള്ള വിശകലനം, റിസ്ക്മാനേജ്മെന്റ് ഇൻ ഐ.ടി.ഇൻഡസ്ട്രി, കോംപ്രിഹെൻസീവ് സ്ട്രാറ്റജി ഫോർ മൊബൈൽ & എന്റർപ്രൈസസ് എന്റ് പോയിന്റ്, എൻക്രിപ്ഷൻ & ലോഫുൾ അക്സസ്-ചലെഞ്ചസ് ഫോർ ലോ എൻഫോഴ്സ്മെന്റ് ഏജൻസീസ്, വിവിധതരം റാൻസംവെയറുകളെക്കുറിച്ചുള്ള വിശകലനം, ഡാർക്ക് വെബിനെക്കുറിച്ചും ടോർ ബ്രൗസറുകളെക്കുറിച്ചുമുള്ള അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ മുതലായ വിവിധതരം സൈബർ സുരക്ഷാ സംബന്ധിയായ വിഷയങ്ങളും ടെക്നിക്കൽ എക്സ്പോയും സൈബർ സുരക്ഷക്ക് വേണ്ടി ചർച്ച ചെയ്യപ്പെട്ടു |

(സി) സൈബർ സുരക്ഷ സംബന്ധിച്ച് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പ്രസ്തുത സമ്മേളനം മുന്നോട്ട് വച്ചതെന്ന് വ്യക്തമാക്കമോ?

(സി) സൈബർ സുരക്ഷ സംബന്ധിച്ച് കൊക്കൂൺ XII സമ്മേളനം മുന്നോട്ട് വച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾക്കും ലൈംഗിക ചൂഷണങ്ങൾക്കും എതിരെയുള്ള നൂതന സുരക്ഷാ സംവിധാനങ്ങൾ.
2. പോലീസിങ്ങിൽ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഡ്രോണുകളുടെ ഉപയോഗത്തിലൂടെ മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുക, അവർക്ക് വേണ്ട ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുക, ലൈഫ് ജാക്കറ്റുകൾ എത്തിക്കുക, അണ്ടർ വാട്ടർ ഡ്രോണുകളുടെ ഉപയോഗത്തിലൂടെ വെള്ളത്തിനടിയിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുക.
3. സ്മാർട്ട് പോലീസിങ്ങിനുവേണ്ടി, ട്രാഫിക് മാനേജ്മെന്റ്, ക്രൗഡ് കൺട്രോൾ, വീഡിയോ എൻഹാൻസിംഗ്, ഡാർക്ക് നെറ്റിലെ കുറ്റകൃത്യങ്ങൾ തുടങ്ങിയവ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നീ സാങ്കേതിക വിദ്യയിലൂടെ എങ്ങനെ നടപ്പിലാക്കാം.
4. വ്യാജവാർത്തകൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്നത് തിരിച്ചറിയാനും, പ്രതിരോധിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.
5. വിവിധ രാജ്യങ്ങളിലെ സൈബർസുരക്ഷാ വിദഗ്ധരും ഇൻവെസ്റ്റിഗേഷൻ ഏജൻസീസും അവരുടെ രാജ്യങ്ങളിലെ അതിനൂതന സൈബർ ക്രൈമുകൾ, സൈബർ സുരക്ഷാ വീഴ്ചകൾ തുടങ്ങിയവയുടെ അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ സംബന്ധിച്ച് അവർ അതിൽ അവലംബിക്കുന്ന അന്വേഷണ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ.

6. ഹാക്കിംഗ് പോലുള്ള സൈബർ ത്രെട്ടുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഡാറ്റാ സുരക്ഷ ഉറപ്പുതരുന്ന നൂതന സംവിധാനമായ ബ്ലോക്ക് ചെയിൻ ടെക്നോളജി പോലീസിംഗിന്റെ ഭാഗമാക്കുക.
7. സൈബർകേസുകളുമായി ബന്ധപ്പെട്ട ഡിജിറ്റൽ തൊണ്ടി മുതലുകളുടെ സൈബർ ഫോറൻസിക്കിനായി മറ്റു രാജ്യങ്ങളിൽ ഉപയോഗിക്കുന്ന നൂതന ടൂൾസ്, സൈബർ ഫോറൻസിക്ക് ഉപകരണങ്ങൾ സംബന്ധിച്ചും അവ കേരള പോലീസിന് എങ്ങനെ കേസുകൾ തെളിയിക്കുന്നതിനു സഹായകമാകും.

സെക്ഷൻ ഓഫീസർ